## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 728** **29.09.2016- ൽ മറുപടിക്ക്**

## മങ്കാവ് കണ്ണിപറമ്പ റോഡുപണി പൂർത്തിയാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.ടി.എ. റഹീം** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | മങ്കാവ് കണ്ണിപറമ്പ റോഡിന് എത്ര രൂപയുടെ ഭരണാനുമതി യാണ് 2011 വർഷത്തിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | മാങ്കാവ് - കണ്ണിപറമ്പ റോഡിന് 14.08.2009-ലെ സ.ഉ (സാധാ) നം. 1186/09/പൊ.മ.വ പ്രകാരം 760 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ടെണ്ടർ വ്യവസ്ഥയിൽ പ്രവർത്തി പൂർത്തീകരിക്കേണ്ട കാലാവധി എന്നായിരുന്നു; എത്ര ശതമാനം അധിക നിരക്കിലാണ് പ്രവർത്തി നൽകിയത്; | (ബി) | ടെണ്ടർ വ്യവസ്ഥയിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 24.05.2013 ആയിരുന്നു. കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 31.03.2014 വരെ ദീർഘിപ്പിച്ച നൽകി. 26.4% അധിക നിരക്കിലാണ് പ്രവൃത്തി നൽകിയത്. |
| (സി) | എത്ര രൂപ ഇതിനകം കരാറുകാരന് നൽകിയിട്ടുണ്ട്; ബാക്കി പ്രവർത്തികൾ പൂർത്തീകരിക്കാൻ കാലതാമസം വന്നത് എന്തുകൊണ്ടാണ്; | (സി) | കരാറുകാരന് 4,47,80,863/- രൂപ ഇതിനകം നൽകിയിട്ടുണ്ട്. കരാറുകാരന്റെ അനാസ്ഥയാലാണ് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം വന്നത്. |
| (ഡി) | റോഡിന്റെ ഏതാനും ഭാഗം ജപ്പാൻ കുടിവെള്ള പദ്ധതി നടക്കുന്നതുമൂലം ഒഴിവാക്കിയിട്ടുണ്ടോ; | (ഡി) | കോട്ടായിതോഴം മുതൽ പള്ളിത്താഴം വരെയുള്ള 2.5 കി.മി ഭാഗം ജപ്പാൻ കുടിവെള്ള പദ്ധതി പ്രവൃത്തി നടക്കുന്നതുമൂലം ബി.എം & ബി.സി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ നിലവിലുള്ള കരാറുകാരനെക്കൊണ്ട് തന്നെ ബാക്കി പ്രവർത്തികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ